**വിവരാവകാശം / മറുപടി**

നമ്പർ: E5-15728/17.

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 19-4-2017.
Phone no: 0471 2306040

സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ശ്രീ. E.T.ലാസർ,
അഡ്വക്കേറ്റ്,
റോൾ നമ്പർ-K/315/1976,
ലോ കോളേജിനു സമീപം,
അയ്യന്തോൾ പി.ഒ,
തൃശ്ശൂർ- 680003.

സർ,

വിഷയം: സാ.നീ.വ - ജീവനക്കാര്യം - വിവരാവകാശ നിയമം 2005 - മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: താങ്കളുടെ 31.3.17ലെ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിയ്ക്കുന്നു. വിവരാവകാശ നിയമപ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷയിലെ ചോദ്യങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

1,2,3 : 9.11.16ലെ G.C.H/113/16 നമ്പർ കത്ത് മുഖേന തൃശ്ശൂർ ഗവ. ചിൽഡ്രൻസ് ഹോം സൂപ്രണ്ടാണ് ടി സ്ഥാപനത്തിലെ സാമ്പത്തിക ക്രമക്കേടിനെ കുറിച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ട് ശ്രീ. രവികുമാർ.കെ, ഹെഡ് അക്കൗണ്ടന്റ് സമർപ്പിച്ച വിശദീകരണം ഉൾപ്പെടെ 7 പേജുകളാണ് ഉള്ളത്. ഒരു പേജിന് 2/- രൂപ നിരക്കിൽ 7 പേജുകൾക്ക് 14/- രൂപ 0070-60-118-99-receipts RTI എന്ന ശീർഷകത്തിൽ ട്രഷറിയിലൊടുക്കി ചെലാന്റെ അസൽ ഈ കാര്യാലയത്തിൽ ഹാജരാക്കുന്ന മുറയ്ക്ക് റിപ്പോർട്ടിന്റെ പകർപ്പ് നൽകുന്നതാണ്.

4 : തൃശ്ശൂർ ഗവ. ചിൽഡ്രൻസ് ഹോമിലെ സാമ്പത്തിക ക്രമക്കേടിനെ കുറിച്ച് അന്വേഷിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടറേറ്റിലെ ഓഡിറ്റ് വിഭാഗത്തിനെ ചുമലതപ്പെടുത്തിയിരുന്നുവെങ്കിലും ഇതേ വിഷയത്തിൽ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് നടത്തിയ സാഹചര്യത്തിൽ വകുപ്പുതല ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

5 : വകുപ്പുതല ഓഡിറ്റിൽ പങ്കെടുത്ത ജീവനക്കാരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ. എസ്.രാജീവ് കുമാർ, സീനിയർ സൂപ്രണ്ട്.
2. ശ്രീ. സജി.എസ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ICPS
3. ശ്രീ. കെ.വിജയകുമാർ, ഹെഡ് അക്കൗണ്ടന്റ്

*db@17*

4. ശ്രീ. എ.നസീർ, ക്ലർക്ക്
5. ശ്രീ. കെ.സന്തോഷ്, ക്ലർക്ക്.

ടി വിഷയത്തിൽ ജില്ലാതല ഓഡിറ്റ് നടത്തിയിട്ടില്ല. ടി വിഷയത്തിൽ AGയുടെ ഓഡിറ്റ് നടന്നതിനാൽ AGയുടെ ഓഡിറ്റ് റിപ്പോർട്ട് ലഭ്യമായതിനു ശേഷം മാത്രമേ വകുപ്പുതല പരിശോധന നടത്തി ബാദ്ധ്യത നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളു എന്നതിനാൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

6 : ചെക്കുകളിൽ തന്റെ വ്യാജ ഒപ്പ് രേഖപ്പെടുത്തിയാണ് ശ്രീ. കെ.രവികുമാർ, ഹെഡ് അക്കൗണ്ടന്റ് തുക മാറിയിട്ടുള്ളതെന്ന് തൃശ്ശൂർ ഗവ. ചിൽഡ്രൻസ് ഹോം സൂപ്രണ്ടും സാമ്പത്തിക ക്രമക്കേടിന് താൻ മാത്രമാണ് ഉത്തരവാദിയെന്ന് ശ്രീ. കെ.രവികുമാറും അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ മേലധികാരിയുടെ ഒപ്പ് ദുരുപയോഗം ചെയ്തതിന് ടിയാനെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാൻ ഈ കാര്യാലയത്തിലെ 17.3.17ലെ E5-36631/16 (2) നമ്പർ കത്ത് മുഖേന തൃശ്ശൂർ ജില്ലാ സാമൂഹ്യനീതി ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

7&9 : തൃശ്ശൂർ ഗവ. ചിൽഡ്രൻസ് ഹോമിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് കാര്യാലയ മേധാവി എന്ന നിലയിൽ സ്ഥാപന സൂപ്രണ്ടിന്റെ ഭാഗത്തു നിന്നുണ്ടായ മേൽ നോട്ടപ്പിഴവിന് ടിയാനോട് വിശദീകരണം ആരാഞ്ഞിട്ടുണ്ട്.

8 : വിശദീകരണം / വ്യാഖ്യാനം എന്നിവ നൽകുന്നതിന് വിവരാവകാശ നിയമം വ്യവസ്ഥ ചെയ്യുന്നില്ല.

10 : തൃശ്ശൂർ ഗവ. ചിൽഡ്രൻസ് ഹോമിലെ സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് AGയുടെ ഓഡിറ്റ് നടന്നിട്ടുള്ളതിനാൽ AGയുടെ ഓഡിറ്റ് റിപ്പോർട്ട് ലഭ്യമായതിനു ശേഷം മാത്രമേ വകുപ്പുതല പരിശോധന നടത്തി സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കുവാൻ സാധിക്കുകയുള്ളു എന്നതിനാൽ നിലവിൽ സർക്കാരിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടില്ല.

മറുപടി താങ്കൾക്ക് തൃപ്തികരമല്ലായെങ്കിൽ ഈ കത്ത് കൈപ്പറ്റി 30 ദിവസത്തിനകം ചുവടെ ചേർക്കുന്ന വിലാസത്തിൽ അപ്പീൽ നൽകാവുന്നതാണ്.

അപ്പലേറ്റ് അതോറിറ്റി & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ, തിരുവനന്തപുരം.

വിശ്വസ്തതയോടെ,

ബി.സാബു
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
& സീനിയർ സൂപ്രണ്ട്
സാമൂഹ്യനീതി വകുപ്പ്

db/a 17